# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 മെയ് 30**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാൻ നിർദ്ദേശം

വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിന് ശുദ്ധജലമെത്തിക്കാൻ പഞ്ചായത്തുകൾക്ക് ജില്ലാ കളക്ടറുടെ നിർദേശം. അതത് പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ വിവരശേഖരണം നടത്തണം. ഏറെ പ്രശ്നമുള്ള സ്ഥലങ്ങളിൽ ദിവസവും ഒന്നിലധികം തവണ ജലമെത്തിക്കാനും യോഗത്തിൽ ധാരണയായി. ജില്ലാ കളക്ടർ ടി വി അനുപമയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദുരന്തനിവാരണ സമിതി യോഗത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഡെപ്യൂട്ടി കളക്ടർ സി ലതിക, പോലീസ്, ഫയർ ഫോഴ്സ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം ജൂൺ 2 മുതൽ

സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം ജൂൺ രണ്ട് മുതൽ 11 വരെ തൃശൂർ കെ ടി മുഹമ്മദ് സ്മാരക തിയേറ്ററിലാണ് നാടകം അരങ്ങേറുക. 10 നാടകങ്ങൾ മാറ്റുരക്കുന്ന മത്സരത്തിന്റെ ഉദ്ഘാടനം ജൂൺ രണ്ടിന് വൈകീട്ട് 5.30 ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിക്കും. കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സൺ കെപിഎസി ലളിത അദ്ധ്യക്ഷത വഹിക്കും. അക്കാദമി സെക്രട്ടറി എൻ രാധാകൃഷ്ണൻ നായർ സ്വാഗതവും നിർവാഹക സമിതി അംഗം പ്രേംപ്രസാദ് നന്ദിയും പറയും. വൈകീട്ട് ആറിനാണ് നാടകം. തീയതി, അവതരണം, നാടകം യഥാക്രമം. ജൂൺ 2-കൊല്ലം ആവിഷ്ക്കാര-അക്ഷരങ്ങൾ, 3-ഓച്ചിറ നാടകരംഗം-ഇവൻ നായിക, 4-അമ്പലപ്പുഴ സാരഥി-കപടലോകത്തെ ശരികൾ, 5-കായംകുളം സപര്യ കമ്മ്യൂണിക്കേഷൻസ്-ദൈവത്തിന്റെ പുസ്തകം, 6-കോഴിക്കോട് നവചേതന തിയേറ്റർ ഗ്രൂപ്പ്-നയാപൈസ, 7-കോഴിക്കോട് രംഗഭാഷ-നിരപരാധികളുടെ ജീവിതയാത്ര, 8-കൊരട്ടി രജപുത്ര-പകിട, 9-കേരള പീപ്പിൾസ് ആർട്സ് ക്ലബ്-മഹാകവി കാളിദാസൻ, 10-തൃശൂർ സദ്ഗമയ-യന്ത്രമനുഷ്യൻ, 11-അമ്പലപ്പുഴ അക്ഷരജ്വാല-വേറിട്ട കാഴ്ചകൾ.

## പുകവലി വിരുദ്ധ ദിനത്തിന് പുകവലി വിരുദ്ധ സന്ദേശയാത്ര

കൊടുങ്ങല്ലൂർ നഗരസഭ ഇന്ന് (മെയ് 31) ലോകപുകവലി വിരുദ്ധ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. എക്സൈസ് വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി. നഗരത്തിൽ പുകവലി വിരുദ്ധ സന്ദേശം നൽകുന്ന ഘോഷയാത്ര നടത്തും. രാവിലെ 9 മണിക്ക് കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി പരിസരത്ത് നിന്ന് ആരംഭിക്കുന്ന ഘോഷയാത്രയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ, കുടുംബശ്രീ ഭാരവാഹികൾ, സാമൂഹ്യ സംഘടനകൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് നഗരസഭ ചെയർമാൻ കെ.ആർ ജൈത്രൻ അറിയിച്ചു.

## ഗാർഡനർ കെ പി ദേവദാസൻ ഇന്ന് (മെയ് 31) വിരമിക്കും

തൃശൂർ ജില്ലാ കളക്ടറേറ്റ് ഓഫീസ് ഗാർഡനർ കെ പി ദേവദാസൻ ഇന്ന് (മെയ് 31) സർവീസിൽ വിരമിക്കും. 32 വർഷത്തെ സേവനം പൂർത്തീകരിച്ചാണ് വിരമിക്കുന്നത്.

## ഫാഷൻ ഡിസൈനിങ്

കണ്ണൂർ തളിപ്പറമ്പിലെ അപ്പാരൽ ട്രെയിനിങ് ആൻഡ് ഡിസൈൻ സെന്ററും രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്പ്മെന്റും സംയുക്തമായി നടത്തുന്ന മൂന്ന് വർഷത്തെ ബി.വോക്ക് ഡിഗ്രി ഇൻ ഫാഷൻ ഡിസൈൻ ആൻഡ് റീട്ടെയിൽ കോഴ്സിലേക്ക് പ്ലസ് ടു യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ എട്ട്. കൂടുതൽ വിവരങ്ങൾ നേരിട്ടോ ഫോണിലൂടെയോ അറിയാം. ഫോൺ : 0460-2226110, 9746394616.

## പുനർലേലം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ ആറാട്ടുപുഴയിൽ പ്രവർത്തിക്കുന്ന സമൃദ്ധി കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലെ കെട്ടിടം പൊളിച്ച് നീക്കുന്നതിനായുള്ള പുനർലേലം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജൂൺ പത്തിന് വൈകീട്ട് മൂന്ന് മണിക്ക് നടക്കും. ലേലത്തിൽ പങ്കെടുക്കുവാൻ എത്തുന്നവർ ജിഎസ്ടി രജിസ്ട്രേഷൻ ഉള്ളവരാവണം. നിരതദ്രവ്യമായി 7981 രൂപ കെട്ടിവെക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0487-2360381.

## ജില്ലാ വികസന സമിതി

ജില്ലാ വികസന സമിതി യോഗം ജൂൺ ഒന്ന് രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## നവോദയ പ്രവേശനഫലം പ്രസിദ്ധീകരിച്ചു

2019ലെ ജവഹർ നവോദയ വിദ്യാലയം ആറാം ക്ലാസ്സ് പ്രവേശന പരീക്ഷഫലം പ്രസിദ്ധീകരിച്ചു. www.jnvthrissur.nic.in. എന്ന വെബ് സൈറ്റിൽ ഫലം ലഭ്യമാണ്.

## അപേക്ഷ ക്ഷണിച്ചു

മലബാർ ക്ഷേത്രജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കളിൽ എസ്എസ്എൽസി, സിബിഎസ്ഇ പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്ക് പാരിതോഷികം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ക്ഷേമനിധി സെക്രട്ടറിയുടെ ഓഫീസിൽ ജൂൺ 26 വരെ സ്വീകരിക്കും. അപേക്ഷയുടെ മാതൃക ക്ഷേമനിധി സെക്രട്ടറി ഓഫീസിലും അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലും ഡിവിഷൻ ഇൻസ്പെക്ടർമാരുടെ ഓഫീസിലും മലബാർ ദേവസ്വം ബോർഡിന്റെ വെബ് സൈറ്റിലും www.malabardevaswom.kerala.gov.in. ലഭിക്കും. ഫോൺ : 0495-2360720.

## താലൂക്ക് വികസന സമിതി

തൃശൂർ താലൂക്ക് വികസന സമിതി യോഗം ജൂൺ ഒന്ന് രാവിലെ 11 ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

## താൽക്കാലിക നിയമനം

ജില്ലാ ഹോമിയോ ആശുപത്രിയിൽ നാച്ചുറോപ്പതി ഡോക്ടർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. നാച്ചുറോപ്പതി ആൻഡ് യോഗ സയൻസിൽ ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സലും പകർപ്പും സഹിതം ജൂൺ എഴ് രാവിലെ 10.30 ന് അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2386643.

# ഭക്ഷ്യസുരക്ഷാദിനാഘോഷം

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ ലോകഭക്ഷ്യസുരക്ഷാദിനാഘോഷം വിവിധ പരിപാടികളോടെ സംഘടിപ്പിക്കുന്നു. മെയ് 31 ന് തൃശൂർ മെഡിക്കൽ ഓഫീസ് കോൺഫറൻസ് ഹാൾ, കുന്നംകുളം താലൂക്ക് ആശുപത്രി കോൺഫറൻസ് ഹാൾ, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി ഹാൾ എന്നിവിടങ്ങളിൽ രാവിലെ 10 മുതൽ ഒരു മണിവരെ സെമിനാർ നടത്തും. ജൂൺ ഒന്നിന് തൃശൂർ ഐഎംഎ ഹാളിലും ജൂൺ മൂന്നിന് തൃശൂർ മെഡിക്കൽ ഓഫീസ് കോൺഫറൻസ് ഹാളിലും രാവിലെ 10 നും ഉച്ചയ്ക്ക് രണ്ടിനും സെമിനാറുകൾ നടക്കും. ജൂൺ നാലിന് വൈകീട്ട് അഞ്ചിന് മേയർ അജിത വിജയൻ സൈക്കിൾ റാലി ഫ്ളാഗ് ഓഫ് ചെയ്യും. തുടർന്ന് ആരോഗ്യവകുപ്പ് നടത്തുന്ന ഗാനമേള തൃശൂർ ടൗൺ ഹാളിൽ നടക്കും. ജൂൺ അഞ്ചിന് വൈകീട്ട് മൂന്നിന് തൃശൂർ ടൗൺ ഹാളിൽ പോസ്റ്റർ കോമ്പറ്റീഷനും വൈകീട്ട് അഞ്ചിന് കെഎച്ച്ആർഎയുടെ സാംസ്ക്കാരിക പരിപാടിയും നടക്കും. ജൂൺ ആറിന് വൈകീട്ട് മൂന്നിന് തൃശൂർ ടൗൺ ഹാളിൽ ഫ്ളാഷ് മോബ് അരങ്ങേറും. വൈകീട്ട് നാലിന് ബോധവൽക്കരണ ക്ലാസ്സും വൈകീട്ട് അഞ്ചിന് കാറ്ററേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള സാംസ്ക്കാരിക പരിപാടിയും നടക്കും. ജൂൺ എഴിന് തൃശൂർ ടൗൺ ഹാളിൽ എക്സിബിഷൻ നടക്കും. കാറ്ററിങ്-ബേക്കേഴ്സ് അസോസിയേഷൻ, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജൂൺ നാല്, അഞ്ച്, ആറ് തീയതികളിൽ വൈകീട്ട് മൂന്ന് മണി മുതൽ തൃശൂർ ടൗൺ ഹാളിൽ ഭക്ഷ്യമേള നടക്കും.

# ഇന്നത്തെ പരിപാടി (2019 മെയ് 31)

രാമവർമ്മപുരം കേരള പോലീസ് അക്കാദമി സെമിനാർ ഹാൾ : ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോകപുകവലി വിരുദ്ധ ദിനാചരണം ജില്ലാതല ഉദ്ഘാടനവും സെമിനാറും - ഉദ്ഘാടനം ജില്ലാ കളക്ടർ ടി വി അനുപമ, രാവിലെ 9.30.